**09**

ജൂൺ
തിങ്കൾ 2026

# കാലികം

**സ്പെഷ്യൽ പതിപ്പ്**

SIHSS UMMATHUR




ദൃശ്യം 2.0 മെഗാ എക്സിബിഷൻ വളയം സി ഐ എം കെ അനിൽ കുമാർ ഉദ്ഘാടനം ചെയ്യുന്നു.

### FSL നാളെ മുതൽ

അലി മാസ്റ്റർ മെമ്മോറിയൽ സ്പോർട്സ് അക്കാദമി സംഘടിപ്പിക്കുന്ന FSL സീസൺ 2 നാളെ മുതൽ ആരംഭിക്കുന്നു.എട്ട് ടീമുകളാണ് FSL ൽ നോക്കൗട്ട് അടിസ്ഥാനത്തിൽ നടക്കുന്ന മത്സരത്തിൽ പങ്കെടുക്കുന്നത്. ഏറെ വാശി നിറഞ്ഞ കളിക്കാരുടെ ലേലം കഴിഞ്ഞ ദിവസം നടന്നു. ഫെബ്രുവരി 11 വൈകുന്നേരമാണ് ഫൈനൽ മത്സരം

## ആകർഷകമായി ദൃശ്യം 2.0 മെഗാ എക്സിബിഷൻ

ഉമ്മത്തൂർ എസ് ഐ ഹയർ സെക്കണ്ടറി സ്കൂൾ വാർഷികാഘോഷത്തിന്റെയും യാത്രയയപ്പിന്റെയും ഭാഗമായി സംഘടിപ്പിച്ച അറിവുൽസവം ദൃശ്യം 2.0 മെഗാ എക്സിബിഷൻ വളയം പോലീസ് സർക്കിൾ ഇൻസ്പെക്ടർ എംകെ അനിൽ കുമാർ ഉദ്ഘാഘാടനംചെയ്തു. പ്രിൻസിപ്പൽ കെസി റഷീദ് മാസ്റ്റർ അധ്യക്ഷത വഹിച്ചു. ഹെഡ് മാസ്റ്റർ ടി കെ ഖാലിദ് മാസ്റ്റർ, എം പ്രശാന്ത്മാസ്റ്റർ, താജു വളപ്പിൽ, റഫീഖ് തുടങ്ങിയവർ പ്രസംഗിച്ചു

പ്രദർശനത്തിന്റെ ഭാഗമായി നടന്ന ആരോഗ്യ സംരക്ഷണത്തിനായി വിദഗ്ധർ നയിക്കുന്ന സൗജന്യ മെഡിക്കൽ ക്യാമ്പ്, ഫയർ ഫോഴ്സ്, എക്സൈസ് , പോലീസ് തുടങ്ങിയവർ ഒരുക്കിയ വിവിധ സ്റ്റാളുകൾ, അധ്യാപക അവാർഡ് ജേതാവ് സത്യൻ നീലിമയുടെ ചിത്രപ്രദർശനം,ശാസ്ത്രലോക ത്തെ നൂതനമായ പരീക്ഷണങ്ങളും കണ്ടെത്തലുകളും വിശദമാക്കുന്ന സ്റ്റാളുകൾ, വിവിധ വിഷയങ്ങളുടെ മികവുകളുടെ പ്രദർശനം, കാലത്തെ അതിജീവിച്ച പുരാവസ്തുക്കളുടെ പ്രദർശനം തുടങ്ങിയവ ഏറെ ശ്രദ്ധേയമായി രക്ഷിതാക്കൾ, നാട്ടുകാർ, വിവിധ സ്കൂളുകളിലെ വിദ്യാർത്ഥികൾ തുടങ്ങി വൻജനാവലി പ്രദർശനം കാണാൻ ഒഴുകിയെത്തി







# ദൃശ്യം 2.0 മെഗാ എക്സിബിഷൻ










# ദൃശ്യം 2.0: കൗതുകമായി ഉമ്മയും മകളും



ഉമ്മത്തൂർ എസ് ഐ ഹയർ സെക്കണ്ടറി സ്കൂൾ വാർഷികാഘോഷത്തിന്റെയും യാത്രയയപ്പിന്റെയും ഭാഗമായി സംഘടിപ്പിച്ച ദൃശ്യം 2.0 മെഗാ എക്സിബിഷനിൽ കൗതുകമായി ഉമ്മയും മകളും. 24 വർഷങ്ങൾക്ക് മുമ്പ് 2002 ൽ നടന്ന ദൃശ്യം 1.0 ൽ അത്ഭുത മനുഷ്യൻ എന്ന സ്റ്റാളിൽ സംസാരിക്കുന്നതല എന്ന ഇനം അവതരിപ്പിച്ച റഹ്മത്ത് സി പി യുടെ മകളാണ് കഴിഞ്ഞ ദിവസം നടന്ന ദൃശ്യം 2.0 ൽ ഇതേ ഇനം പ്രദർശിപ്പിച്ച മൻഹ ഫാത്തിമ. 24 വർഷങ്ങൾക്ക് ശേഷം മകൾ അത്ഭുത മനുഷ്യൻ അവതരിപ്പിക്കുന്നത് കാണാൻ റഹ്മത്ത് സ്കൂളിൽ എത്തി.

അധ്യാപക അവാർഡ് ജേതാവ് കൂടിയായ പ്രശാന്ത് മാസ്റ്ററാണ് അത്ഭുത മനുഷ്യൻ അന്നും ഇന്നും ഒരുക്കിയത്.2002 ൽ റഹ്മത്ത് സി പി യുടെ ക്ലാസ് ടീച്ചറായിരുന്നു പ്രശാന്ത് മാസ്റ്റർ. ദൃശ്യം 1.0ലും 2.0ലും കാണികളെ ഏറെ ആകർഷിച്ച ഇനമാണ് ഇത്.

# ഓർമ്മക്കൂട്ട്

ഉമ്മത്തൂർ എസ് ഐ ഹയർ സെക്കണ്ടറിസ്കൂൾ വാർഷികത്തിന്റെയും യാത്രയയപ്പിന്റെയും ഭാഗമായി നടന്ന ഓർമ്മക്കൂട്ട് മുൻ ഹെഡ് മാസ്റ്റർ ടി കെ അഹമ്മദ് മാസ്റ്റർ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ കെ സി റഷീദ് മാസ്റ്റർ അധ്യക്ഷത വഹിച്ചു. ടി വിശ്വനാഥൻ മാസ്റ്റർ, കെ കെ ഹുസൈൻ, കെ ഇസ്മായിൽ മാസ്റ്റർ,എ കെ ബഷീർ മാസ്റ്റർ , അഷ്റഫ് പതിയായി, എംപി സലീം മാസ്റ്റർ , കെ രഞ്ജിനി ടീച്ചർ, യു സി വാഹിദ് മാസ്റ്റർ, എഫ് കെ അബ്ദുൾ സലാം, കുറ്റിയിൽ കുഞ്ഞബ്ദുള്ള, പി ടി മുഹമ്മദ് എന്നിവർ സംസാരിച്ചു ഹെഡ് മാസ്റ്റർ ടി കെ ഖാലിദ് മാസ്റ്റർ സ്വാഗതവും കെ മുസ്തഫ മാസ്റ്റർ നന്ദിയും പറഞ്ഞു



ഈ വർഷം സർവ്വീസിൽ നിന്ന് വിരമിക്കുന്ന പിടി അബ്ദു റഹ്മാൻ, കെ കെ ഉസ്മാൻ മാസ്റ്റർ, കെ സി ബാബുമാസ്റ്റർ, എം പ്രശാന്ത്മാസ്റ്റർ, സത്യൻ നീലിമ, പി കെ സജില ടീച്ചർ, കെ കെ റസിയടീച്ചർ എന്നിവർ മറുപടി പ്രസംഗം നടത്തി

ഉമ്മത്തൂർ എസ് ഐ ഹയർ സെക്കണ്ടറി സ്‌കൂൾ പൂർവ വിദ്യാർത്ഥി കൂട്ടായ്മ നിലവിൽ വന്നു

## ഭാരവാഹികൾ

